**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **29-01-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനത്തിന് റേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം 1,54,80,040 ആണ്. |
| (ബി) | ഈ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെ സമീപനമെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ? | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം 2011 ലെ ജനസംഖ്യ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി നിജപ്പെടുത്തിയത്. നിലവിലെ ജനസംഖ്യ പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഭക്ഷ്യ വകുപ്പ മന്ത്രിതലത്തിൽ ഉൾപ്പെടെ നിരവധി തവണ കേന്ദ്രസർക്കാരിനെ സമീപിച്ചെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിനു ശേഷമേ നിലവിലെ പട്ടിക പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ